പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1335 30. 09.2011- ലെ മറുപടിക്ക്

**പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ)<br>1. പ്രവാസി കേരളീയർക്കായി ഒരു കോൾ സെന്റർ നോർക്ക വകുപ്പിന്റെ ഔദ്യോഗിക കെട്ടിടമായ നോർക്ക സെന്ററിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോൾ സെന്ററിലൂടെ നോർക്ക വകുപ്പിന്റെയും, നോർക്ക – റൂട്ട്സിന്റെയും പദ്ധതികളെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിനോടൊപ്പം പ്രവാസി കേരളീയർക്ക് അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായി വരുന്ന എംബസ്സികളെ സംബന്ധിക്കുന്ന വിവരങ്ങൾ , വിദേശരാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ, വിസയുടെ ആധികാരികതയെക്കുറിച്ചുള്ള വിവരങ്ങൾ , വിദേശയാത്രയ്ക്ക് മുൻപ് ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ, റിക്രൂട്ട്മെന്റിനെക്കുറിച്ചും/റിക്രൂട്ട്മെന്റ് ഏജൻസികളെ സംബന്ധിച്ചും വിവരങ്ങൾ എന്നിങ്ങനെ പ്രവാസി കേരളീയർക്കും വിദേശതൊഴിൽ കാംക്ഷികൾക്കും ആവശ്യമായ വിവരങ്ങൾ പ്രസ്തുത കോൾസെന്ററിലൂടെ ലഭ്യമാക്കുന്നതാണ്.<br><br>2. പ്രവാസികളുടെ/ കുടുംബാംഗങ്ങളുടെ പരിഹരിക്കാൻ പ്രയാസമുള്ളതും |

ദീർഘകാലമെടുക്കുന്നതുമായ പരാതികളും ആവലാതികളും അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കുന്നതിനും, മൂല്യവർധിത സേവനങ്ങളുടെ രൂപത്തിൽ സർക്കാരിന്റെ സഹായഹസ്തം പ്രവാസികളിലേക്കെത്തിക്കുന്നതിലേക്കുമായി ജില്ലകളിലുള്ള നോർക്ക സെല്ലുകൾ ശക്തമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

3. ജില്ലയിലെ നോർക്ക വകുപ്പിനു കീഴിൽ ഉള്ള വിവിധ ഓഫീസുകളെ ഏകോപിപ്പിക്കുന്നതിനായും പ്രവാസികൾക്കായും വിദേശ ജോലി തേടുന്നവർക്കായും ഉള്ള വിവിധ സേവനങ്ങൾ ഒരു കെട്ടിട സമുച്ചയത്തിൽ നിന്നും നൽകാൻ ഉതകുംവിധം നോർക്ക സെന്റർ എന്ന കെട്ടിടം ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

4. ധനസഹായ പദ്ധതികളായ ചെയർമാൻ ഫണ്ടിലൂടെയുള്ള ധനസഹായം 10,000 രൂപയിൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചു. ചെയർമാൻ ഫണ്ടിൽ അപേക്ഷിക്കുന്നവരുടെ വാർഷിക വരുമാനപരിധി നിലവിലെ 25,000 -ത്തിൽ നിന്നും 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

5. നോർക്കയുടെ സേവനങ്ങൾ മലയാളി സമൂഹത്തിന് ലഭ്യമാക്കാനായി ഡെവലപ്മെന്റ് ഓഫീസുകൾ ഗുജറാത്തിലെ ബറോഡയിൽ 24/07/2011 നും, ചെന്നൈയിൽ 21/08/2011 നും തുറന്ന് പ്രവർത്തനമാരംഭിച്ചു.

6. നോർക്ക – റൂട്ട്സ് നൽകിവരുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമായി.

7. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഉള്ള നോർക്ക – റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾക്ക് പുറമേ, ഇടുക്കി, വയനാട് ഒഴികെയുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മാസത്തിൽ നിലവിലെ ഒരു ദിവസത്തിൽ നിന്നും രണ്ട് ദിവസം അറ്റസ്റ്റേഷൻ സേവനം നൽകുന്നതാണ്.

| | |
|---|---|
| (ബി)നോർക്ക - റൂട്ട്സ് വഴി വിദേശത്തേക്കുള്ള റിക്രൂട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനും അനധികൃത റിക്രൂട്ട്മെന്റുകളെ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) വിദേശത്ത് തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി ഒരു റിക്രൂട്ട്മെന്റ് ഏജന്റായി നോർക്ക - റൂട്ട്സ് പ്രവർത്തിക്കുന്നുണ്ട്. ഇതിനോടൊപ്പം തന്നെ നോർക്ക - റൂട്ട്സ് വിദേശരാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് 'ജോബ് പോർട്ടൽ' 2010 ഡിസംബർ മാസം ആരംഭിച്ചിട്ടുണ്ട്. www.jobsnorka.gov.in എന്ന ജോബ് പോർട്ടലിൽ ഒരേ സമയം ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ദാതാക്കൾക്കും രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനോടൊപ്പം അനധികൃത റിക്രൂട്ട്മെന്റിനെതിരെയും, വിസാ തട്ടിപ്പിനെതിരെയും വ്യാപകമായ പ്രചരണം നോർക്ക - റൂട്ട്സ് വിവിധ ദൃശ്യമാദ്ധ്യമങ്ങളിലൂടെ നൽകി വരുന്നുണ്ട്. |
| (സി) പ്രവാസി ക്ഷേമനിധി വഴി ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (സി) കേരള പ്രവാസി ക്ഷേമ ബോർഡിൽ നിന്നും അംഗങ്ങൾക്ക് ചികിത്സാ ധനസഹായവും മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർക്ക് മരണാനന്തര സഹായവും നൽകി തുടങ്ങിയിട്ടുണ്ട്. |
| (ഡി) നിലവിലുള്ള ധനസഹായ പദ്ധതികൾ മുഖേനയുള്ള തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) ധനസഹായ പദ്ധതികളായ ചെയർമാൻ ഫണ്ടിലൂടെയുള്ള ധനസഹായം 10,000 - ത്തിൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചു. സാന്ത്വന പദ്ധതിയിൽ നിന്നുമുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ